22

# അപ്പൊസ്തലിക ചരിത്രം

## അല്ലെങ്കിൽ, സഭ കത്തെുന്നതും വിപുലീകരിക്കുന്നതും, ഏ.ഡി. 30-100[1]

### മുഖവുര

**1. അപ്പൊസ്തലിക ചരിത്രത്തിന്റെ ഉറവിടങ്ങൾ. -** അവയാണ്,-

*a. പ്രവൃത്തികളുടെ പുസ്തകം.* - ലേഖകൻ മൂന്നാമത്തെ സുവിശേഷം എഴുതിയിരിക്കുന്നു (*ഒ.വാ.* പ്രവൃത്തികൾ 1:1; ലൂക്കൊസ് 1:1-4). അയാൾ പൗലൊസിന്റെ കൂട്ടുയാത്രക്കാരനായിരുന്നു. പ്രവൃത്തികൾ 16:10; 20:6 ഉം കൂടാതെ "ഞങ്ങൾ" എന്നു പറഞ്ഞിരിക്കുന്ന മറ്റു വേദഭാഗങ്ങളും നോക്കുക. ലൂക്കൊസ് പൗലൊസിന്റെ സഹയാത്രികനായിരുന്നു എന്ന് പൗലൊസിന്റെ ലേഖനങ്ങളിൽനിന്നു നമുക്ക് മനസിലാക്കാം (കൊലൊ. 4:14; 2 തിമൊ. 4:11; ഫിലേ. 23, 24), ലൂക്കൊസിന്റെ പുസ്തക പാരമ്പര്യത്തിലും അതു പറയുന്നു. അപ്പൊസ്തൊല പ്രവൃത്തികൾ എന്ന, തലവാചകം, ആരംഭ പുസ്തകത്തിൽ ഇല്ലാത്തതു, തെറ്റായി നയിക്കപ്പെടുന്നു. അതു ഏതാനും അപ്പൊസ്തലന്മാരുടെ ചില പ്രവൃത്തികൾ മാത്രമാണ് പറയുന്നത്. പുരാതന കയ്യെഴുത്തു പ്രതികളിലൊന്നു നല്ല തലവാചകം നൽകുന്നു, അപ്പൊസ്തല പ്രവൃത്തികൾ.

*b. ലേഖനങ്ങളിലെ ചരിത്ര സൂചനകൾ.* - ഇരുപത്തിഒന്നു ലേഖനങ്ങളാണുള്ളത്, അതിൽ പതിമൂന്നെണ്ണം പൗലൊസ് എഴുതിയതാണ്.

*c. വെളിപ്പാട് പുസ്തകം.* - മറ്റു അപ്പൊസ്തലന്മാരെല്ലാം മരിച്ചശേഷം അപ്പൊസ്തലനായ യോഹന്നാന്റെ ജീവിതത്തിലെ രംഗങ്ങളാണ് ഇതിൽ ബന്ധപ്പെടുത്തിയിരിക്കുന്നത്.

**2. സുവിശേഷ ചരിത്രത്തോടുള്ള ബന്ധം. -**

(1) സുവിശേഷങ്ങളിലെല്ലാം, യോഹന്നാനും, യേശുവും, പന്തിരുവരും, എഴുപതുപേരും ദൈവരാജ്യം വരുന്നു, എന്നാണ് പ്രസംഗിച്ചത്. പ്രവൃത്തികളുടെ പുസ്തകത്തിൽ ക്രിസ്തു വാഴുന്നതും, സ്ത്രീ പുരുഷന്മാർ രാജ്യമാകുന്ന സഭയിൽ പ്രവേശിക്കുന്നതുമാണ് നാം കാണുന്നത്.

(2) സുവിശേഷങ്ങളിലെല്ലാം സന്ദേശവും പ്രദേശവും പരിമിതപ്പെടുത്തിയിരുന്നു. യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെകുറിച്ച് അഥവാ മശിഹാത്വത്തെകുറിച്ച് അല്ലെങ്കിൽ അവന്റെ നാമത്തിലെ പാപമോചനത്തെകുറിച്ച്, പാലസ്തീനു പുറത്തു പ്രസംഗിക്കുവാൻ അപ്പൊസ്തലന്മാർക്ക് അധികാരമില്ലായിരുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ എല്ലാ ദേശങ്ങളിലും അവർ പോയി, ക്രിസ്തുവിനെയും അവന്റെ പൂർണ്ണമായ വീടെുപ്പിനെയും, അവന്റെ നാമത്തിൽ മാത്രം ലഭ്യമാകുന്ന പാപമോചനത്തെയും പ്രസംഗിക്കുന്നതു കാണാം.

(3) തന്റെ തേജസ്ക്കരണത്തിന്റേയും സ്വർഗാരോഹണത്തിന്റേയും ഫലമായി പരിശുദ്ധാത്മാവിനെ ക്രിസ്തു വാഗ്ദാനം ചെയ്തതായി നാം സുവി

ശേഷത്തിൽ കാണുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ ആത്മാവു പ്രകാശത്തോടും ശുദ്ധീകരണ ശക്തിയോടുംകൂടി വരികയും, ആയിരങ്ങൾ ആത്മാവിന്റെ വാളിനിരയാവുകയും ചെയ്തതായി നമുക്കു കാണാം. പ്രവൃത്തികളുടെ പുസ്തകത്തെ ശരിക്കും "പരിശുദ്ധാത്മാവിന്റെ സുവിശേഷം" എന്നു വിളിക്കാവുന്നതാണ്.

**3. അപ്പൊസ്തലിക ചരിത്രത്തിന്റെ കാലയളവ്.** - നമുക്ക് മനസിലാക്കുവാനായിട്ട് പ്രവൃത്തികളുടെ പുസ്തകത്തെ, താഴെ കൊടുത്തിരിക്കുന്ന കാലയളവായി തിരിക്കാവുന്നതാണ്:

(1) സഭ സ്ഥാപിക്കലും അതിന്റെ വളർച്ചയും (എ.ഡി. 30-35).[2]

(2) സഭയുടെ വ്യാപ്തി യെഹൂദ്യയിലും ശമര്യയിലും, പിന്നെ ജാതികളിലേക്കും വ്യാപിക്കുന്നു (എ.ഡി. 35-45).

(3) ജാതികളുടെ മദ്ധ്യത്തിലേക്കു പൗലൊസ് മിഷ്ണറിയാത്ര നടത്തുന്നു (എ.ഡി. 45-58).

(4) പൗലൊസിന്റെ നാലു വർഷത്തെ തടവ് (എ.ഡി. 58-63).

---

കുറിപ്പുകൾ

[1]സഭ സ്ഥാപിച്ചതിനു പകരമുള്ള തീയതി എ.ഡി. 33 ആണ്. [2]ഇബിഡ്.